Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. KITE/2025/1562 (140) തീയതി : 31.12.2025

# സർക്കുലർ

വിഷയം:- കൈറ്റ് - ലിറ്റിൽ കൈറ്റ്സ് - 2025-26 അധ്യയന വർഷത്തെ പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് റോബോട്ടിക് പരിശീലനം നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- സ.ഉ.(സാധാ) നം. 361/2018/പൊ.വി.വ. തീയതി 20.01.2018.

പൊതുവിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന ലിറ്റിൽകൈറ്റ്സ് യൂണിറ്റുകളുടെ പ്രവർത്തന ലക്ഷ്യങ്ങളിലൊന്നാണ് അവർക്ക് ലഭിക്കുന്ന നവീന സാങ്കേതികവിദ്യാപരമായ അറിവുകൾ സ്കൂളിലെ മറ്റ് വിദ്യാർത്ഥികൾക്കും പകർന്നു നൽകുക എന്നത്. 2025 - 26 അധ്യയന വർഷം മുതൽ പുതുക്കിയ പത്താംക്ലാസ് ഐസിടി പാഠപുസ്തകത്തിൽ റോബോട്ടിക്സ് ഉൾപ്പടെയുള്ള നവീന സാങ്കേതിക വിദ്യകൾ കുട്ടികൾക്ക് പഠിക്കാനുള്ള പ്രത്യേക അധ്യായമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ലിറ്റിൽകൈറ്റ്സ് അംഗങ്ങൾക്ക് റോബോട്ടിക്സ്, എഐ മേഖലയിൽ സവിശേഷമായ പരിശീലനങ്ങൾ നൽകി വരുന്നുണ്ട്. ഇതിലൂടെ ഇവർ സ്വായത്തമാക്കിയ അറിവും അനുഭവവും മറ്റ് കുട്ടികൾക്ക് കൂടി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ പത്താം ക്ലാസിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ലിറ്റിൽകൈറ്റ്സ് അംഗങ്ങളുടെ സഹായത്തോടെ ഒരു അർദ്ധദിന റോബോട്ടിക് പരിശീലനം ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ച് ക്രമീകരിക്കേണ്ടതാണ്:

1. കൈറ്റ് തയ്യാറാക്കി നൽകുന്ന പ്രത്യേക മൊഡ്യൂൾ അടിസ്ഥാനമാക്കിയായിരിക്കണം പരിശീലനം നൽകേണ്ടത്.
2. ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ, കൈറ്റ് മെന്റർമാർ എന്നിവരുടെ നേതൃത്വത്തിൽ പരിശീലനം നടത്തേണ്ടതാണ്. എസ്ഐറ്റിസിമാർ, പരിശീലനം നേടിയ മറ്റ് അധ്യാപകർ ഇവരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.
3. മാസ്റ്റർ ട്രെയിനർമാരുടെ നേതൃത്വത്തിൽ ജനുവരി 6 നകം കൈറ്റ് മെന്റർമാർക്ക് ഓൺലൈനായി മൊഡ്യൂൾ പരിചയപ്പെടുത്തേണ്ടതാണ്. തുടർന്ന് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അധ്യാപകർക്കും പരിശീലന മൊഡ്യൂൾ കൈറ്റ് മെന്റർമാർ പരിചയപ്പെടുത്തേണ്ടതാണ്.
4. വിദ്യാലയത്തിലെ എല്ലാ പത്താംക്ലാസ് കുട്ടികൾക്കും 2026 ജനുവരി 15 നകം പരിശീലനം ലഭിക്കത്തക്കവിധം കുട്ടികളെ വിവിധ ബാച്ചുകളായി തിരിച്ച് പരിശീലനം ക്രമീകരിക്കണം. പരിശീലനത്തിന് 4 - 5 കുട്ടികൾക്ക് ഒന്ന് എന്നതരത്തിൽ റോബോട്ടിക് കിറ്റും ലാപ്ടോപ്പും ക്രമീകരിക്കേണ്ടതാണ്.
5. ലിറ്റിൽകൈറ്റ്സ് യൂണിറ്റുകൾ ഇല്ലാത്ത വിദ്യാലയങ്ങളിൽ സമീപ സ്കൂളുകളിലെ യൂണിറ്റുകൾക്ക് പ്രത്യേക പരിശീലനം ക്രമീകരിക്കാവുന്നതാണ്.

6. ഓരോ ദിവസവും നടത്തുന്ന പരിശീലനത്തിന്റെ വിവരം ലിറ്റിൽ കൈറ്റ്സ് ഓൺലൈൻ മാനേജ്മെന്റ് സിസ്റ്റത്തിൽ അതതു ദിവസം തന്നെ കൈറ്റ് മെന്റർ മാർ രേഖപ്പെടുത്തേണ്ടതാണ്.
7. ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ചുമതലയുള്ള മാസ്റ്റർ ട്രെയിനർമാർ എല്ലാ യൂണിറ്റുകളിലും പരിശീലനം സമയബന്ധിതമായി പൂർത്തീകരിച്ചു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ച എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും – ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
എല്ലാ ജില്ലാ കോ–ഓർഡിനേറ്റർ/മാസ്റ്റർട്രെയിനർമാർക്കും

പകർപ്പ്: പൊതുവിദ്യാഭ്യാസ ഡയറക്ടർ – അറിവിലേക്ക്
എല്ലാ ഡി.ഡി.ഇ, ഡി.ഇ.ഒ–മാർക്കും
സ്റ്റോക്ക് ഫയൽ